# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-6354** **31.10.2011-ൽ മറുപടിക്ക്**

## വിഷൻ ഇന്ത്യാ പ്രോജക്ട്

**ചോദ്യം**

ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. കെ. മുരളീധരൻ
ശ്രീ. സി. പി. മുഹമ്മദ്

**മറുപടി**

ശ്രീ. കെ. ബി. ഗണേഷ്കുമാർ
(വനവും സ്പോർട്സും
സിനിമയും വകുപ്പുമന്ത്രി)

(എ) സ്പോർട്സ് കൗൺസിൽ നടപ്പാക്കുന്ന വിഷൻ ഇന്ത്യാ പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഏതൊക്കെ ഏജൻസിയുമായി സഹകരിച്ചാണ് ഇത് നടപ്പാക്കുന്നത്;

(സി) കഴിവ് തെളിയിക്കുന്ന കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം നൽകി അന്താരാഷ്ട്ര നിലവാരത്തിലുള്ള കളിക്കാരാക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്?

(എ), (ബി) & (സി) ഫുട്ബോൾ നിലവാരം മെച്ചപ്പെടുത്തുക ലക്ഷ്യമാക്കി ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷന്റെയും കേരള സ്പോർട്സ് കൗൺസിലിന്റെയും കേരള ഫുട്ബോൾ അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്ന പദ്ധതിയാണ് 'വിഷൻ ഇന്ത്യ കേരള'. ഗ്രാസ് റൂട്ട് തലത്തിൽ കുട്ടികളുടെ ഫുട്ബോളിലുള്ള കഴിവ് വികസിപ്പിച്ചെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

ആദ്യ ഘട്ടത്തിൽ ആരംഭിച്ച 7 ജില്ലകളിൽ ഓരോ ജില്ലയിൽ നിന്നും 8 വീതം സ്ക്കൂളുകളെ പ്രസ്തുത പദ്ധതിയുടെ കീഴിൽ കൊണ്ടുവരികയും അവർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഒരു സ്ക്കൂളിൽ 40 കുട്ടികളെ വീതം 8 സ്ക്കൂളുകളിലായി 320 കുട്ടികൾ വച്ച് 7 ജില്ലകളിൽ 2240 കുട്ടികൾക്ക് പരിശീലനം ആരംഭിക്കുകയും ഇപ്പോൾ ടി സ്ക്കൂളുകളിൽ 25 കുട്ടികളെ വീതം 8 സ്ക്കൂളുകളിലായി 200 കുട്ടികൾ വച്ച് 7 ജില്ലകളിൽ 1400 കുട്ടികൾക്ക് പരിശീലനം നൽകിയും വരുന്നു. പ്രസ്തുത ജില്ലകൾക്ക് ഫുട്ബോളും യൂണിഫോമും വാങ്ങുന്നതിലേയ്ക്കായി 50,000 രൂപ വീതം നൽകിയിട്ടുണ്ട്.

രണ്ടാം ഘട്ടത്തിൽ ആരംഭിച്ച 7 ജില്ലകളിൽ ഓരോ ജില്ലയിൽ നിന്നും 5 വീതം സ്ക്കൂളുകളെ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്ന് അവർക്ക് പരിശീലനം നൽകിവരുന്നു. ഒരു സ്ക്കൂളിൽ 25 കുട്ടികളെ വീതം 5 സ്ക്കൂളുകളിലായി 125 കുട്ടികൾ വച്ച് 7 ജില്ലകളിൽ 875 കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു.

പ്രസ്തുത ജില്ലകൾക്ക് ഫുട്ബോളും യൂണിഫോമും വാങ്ങുന്നതിലേയ്ക്കായി 75000 രൂപ വീതം നൽകിയിട്ടുണ്ട്.

സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ട്രെയിനർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ ട്രെയിനർമാർക്ക് ഏഷ്യൻ ഫുട്ബോൾ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ 'സി' ലെവൽ ലൈസൻസ് കോഴ്സിലൂടെ പരിശീലനം നൽകുകയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ Introductory, Refresher Course എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ